# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2572 — 10.12.2014 -ൽ മറുപടിക്ക്

## അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. റ്റി, ബൽറാം :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, ആർ. സെൽവരാജ് :<br>,, വർക്കല കഹാർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | അമൃതം ആരോഗ്യം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; ഈ പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് ആരംഭിച്ചു ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.<br>ഈ പദ്ധതി 2011 -ൽ ആരംഭിച്ചുവെങ്കിലും പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത് 2012 -ൽ ആണ്. |
| (ബി) | വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; | (ബി) | ജീവിതശൈലീരോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 230 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിങ്ങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു.<br>ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമിക ആരോഗ്യതലം വരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

(....2)

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗാ പരിശീലനവും നടത്തിവരുന്നു.

| | |
|---|---|
| (സി) അമൃതം ആരോഗ്യം പദ്ധതിയെപ്പറ്റി അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) അവലോകനം നടത്തിയിട്ടുണ്ട്.<br>എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ അമൃതം ആരോഗ്യം പദ്ധതി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യവകുപ്പ് മന്ത്രി, ആരോഗ്യ സെക്രട്ടറി, മിഷൻ ഡയറക്ടർ (എൻ.എച്ച്.എം), ആരോഗ്യവകുപ്പ് ഡയറക്ടർ എന്നിവർ സന്നിഹിതരാകുന്ന ഈ കോൺഫറൻസിൽ ഓരോ ജില്ലയിൽ നിന്നുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ